peoplesfoundation.org

PEOPLE'S FOUNDATION

നിർധനർക്കായി നൂറു വീടുകൾ നിർമിച്ചു
നൽകുന്നതിനുള്ള പ്രോജക്റ്റ്



PEOPLE'S HOME

# HOPE FOR THE HOMELESS

# ആമുഖം

താമസിക്കാൻ ഒരു ഇടം എന്നത് എല്ലാവരുടെയും ജീവിത സ്വപ്നമാണ്. സ്വന്തമായി ഒരു വീട് എന്നത് ഏതൊരു കുടുംബത്തിന്റെയും അടിസ്ഥാന ആവശ്യവുമാണ്. രാജ്യത്തെ ഓരോ പൗരനും മെച്ചപ്പെട്ട വാസസ്ഥലവും അതുവഴി മെച്ചപ്പെട്ട ജീവിതവും ഉറപ്പാക്കാൻ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. എന്നാൽ, അതുകൊണ്ടുമാത്രം തീരാവുന്നതല്ല ഭവനരഹിതരുടെ പ്രശ്നങ്ങൾ. കേരളത്തിൽ മാത്രം അഞ്ച് ലക്ഷം കുടുംബങ്ങൾ ഭവനരഹിതരാണെന്നാ ണ് ഔദ്യോഗിക കണക്കുകൾ പറയുന്നത്. അത് മാത്രമല്ല, ഗവൺമെൻറ് അനുവദിക്കുന്ന സഹായം കൊണ്ട് മാത്രം വീടുപണി പൂർത്തിയാക്കാൻ പലപ്പോഴും കഴിയാറില്ല. ഉദാഹരണത്തിന് കേരള ഗവൺമെൻറ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ലൈഫ് മിഷൻ പദ്ധതിയിൽ നാല് ലക്ഷം രൂപയാണ് സഹായം നൽകുന്നത്. 500 ചതുരശ്ര അടി വിസ്തീർണമുള്ള വീട് നിർമിക്കാൻ ശരാശരി ഏഴ് ലക്ഷം രൂപ ചെലവ് വരുന്നുണ്ട്. ബാക്കി തുക കണ്ടെത്താൻ അത്തരം കുടുംബങ്ങൾ പ്രയാസമനുഭവിക്കുന്നു.

സാമ്പത്തികമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്നവരെ ഉയർത്തിക്കൊണ്ടു വരിക എന്ന ലക്ഷ്യത്തോടെ കഴിഞ്ഞ ഒൻപതു വർഷമായി കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന, ട്രസ്റ്റ് നിയമ പ്രകാരം രജിസ്റ്റർ ചെയ്ത സന്നദ്ധ സംഘടനയാണ് പീപ്പിൾ ഫൗണ്ടേഷൻ. ഭവന നിർമാണം , സംരംഭകത്വ വികസനം, പൊതുജനാരോഗ്യം, വിദ്യാഭ്യാസം തുടങ്ങി വിവിധ മേഖല കളിൽ ഫൗണ്ടേഷൻ പ്രോജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നു. ഭവന നിർമാണ മേഖലയിൽ പീപ്പിൾ ഫൗണ്ടേഷൻ ആവിഷ്കരിച്ച പദ്ധതിതയാണ് പീപ്പിൾസ് ഹോം. 1500 വീടുകൾ ലക്ഷ്യമിട്ട് 2016 ൽ പ്രഖ്യാപിച്ച പദ്ധതിപ്രകാരം അഞ്ഞൂറിലധികം വീടുകൾ ഇതിനകം പൂർത്തിയാക്കാൻ കഴിഞ്ഞു. ഗുണഭോക്താവിന്റെ സാമ്പത്തികശേഷിയും പ്രാദേശിക സന്നദ്ധ സംഘടനകളുടെ സഹകരണത്തിന്റെ തോതും വിലയിരുത്തി ഭാഗികമായോ പൂർണമായോ സഹായം നൽകിയാണ് വീടുകൾ നിർമിക്കുന്നത്. ഇതിനു പുറമേ പ്രളയ പുനരധിവാസ പദ്ധതിയിൽ 450 വീടുകൾ നിർമിച്ചു നൽകുകയും 800 വീടുകൾ റിപ്പയർ ചെയ്യുകയും ചെയ്തു. കേന്ദ്ര സർക്കാർ ആദായ നികുതി വകുപ്പ് 12A, 80G സെക്ഷനുകൾ പ്രകാരമുള്ള രജിസ്ട്രേഷനും സി.എസ്.ആർ പദ്ധതികൾ ഏറ്റെടുക്കാനുള്ള അനുമതിയും പീപ്പിൾസ് ഫൗണ്ടേഷന് ലഭിച്ചിട്ടുണ്ട്.

## പ്രൊജക്റ്റിന്റെ ലക്ഷ്യം

കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന നൂറ് കുടുംബങ്ങൾക്ക് സ്വന്തമായി വാസയോഗ്യമായ വീടുകൾ നിർമിച്ചു നൽകുകയാണ് ഈ പ്രോജക്റ്റ് കൊണ്ട് ലക്ഷ്യമാക്കുന്നത്. 535 ചതുരശ്ര അടിതറ വിസ്തീർണമുള്ള വീടുകളാണ് നിർമിക്കുക. ഗുണഭോക്താവിന്റെ സ്വന്തം സ്ഥലത്തോ പീപ്പിൾസ് ഫൗണ്ടേഷൻ വക സ്ഥലത്തോ മറ്റു സന്നദ്ധ സംഘടനകളോ വ്യക്തികളോ നൽകുന്ന സ്ഥലത്തോ ആയിരിക്കും വീടുകൾ നിർമിക്കുക.

## ഗുണഭോക്താക്കൾ

സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഭവനരഹിതരായ നൂറു കുടുംബങ്ങളായിരിക്കും ഈ പ്രോജക്റ്റിന്റെ ഗുണഭോക്താക്കൾ.

## മുൻഗണനാ വിഭാഗം

- വിധവകളോ വിവാഹ മോചിതരായ സ്ത്രീകളോ നാഥരായിട്ടുള്ള കുടുംബങ്ങൾ
- സ്ത്രീ കുടുംബനാഥയായതും തൊഴിൽ ശേഷിയുള്ള പുരുഷൻമാർ സഹായത്തിന് ഇല്ലാത്തവരുമായ കുടുംബങ്ങൾ
- നിത്യരോഗികൾ /നിരാലംബരായ വികലാംഗരുള്ള കുടുംബം
- വിവാഹപ്രായം എത്തിയ പെൺകുട്ടികളുള്ള നിർധനരായ കുടുംബം
- മാനസിക രോഗികളുള്ള കുടുംബം

പീപ്പിൾസ് ഫൗണ്ടേഷൻ ഏരിയ കോർഡിനേറ്റർമാർ മുഖേനയായിരിക്കും ഗുണഭോക്താക്കളെ കണ്ടെത്തുന്നത് . ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് പീപ്പിൾ ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് കമ്മിറ്റിയായിരിക്കും.

## സംഘാടനം

പ്രോജക്ടിന്റെ സംഘാടനം നിർവഹിക്കുന്നത് പീപ്പിൾസ് ഫൗണ്ടേഷനായിരിക്കും. നിർമാണ ചുമതല പ്രാദേശികമായി രൂപീകരിക്കുന്ന കമ്മിറ്റിയുടെ നിയന്ത്രണത്തിനു വിധേയമായി ഗുണഭോക്താവിനായിരിക്കും. പീപ്പിൾസ് ഫൗണ്ടേഷൻ ആവശ്യമായ സാങ്കേതിക സഹായം നൽകും. ധനസഹായം പീപ്പിൾസ് ഫൗണ്ടേഷൻ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ആനുപാതികമായി നൽകും. നൽകുന്ന മൊത്തം സഹായത്തിന്റെ ഇരുപതു ശതമാനം തറപ്പണിക്കും, 20 ശതമാനം ലിന്റിൽ ലവൽ വരെയുള്ള പ്രവൃത്തികൾക്കും 30 ശതമാനം മെയിൻ കോൺക്രീറ്റ് വരെയുള്ള വർക്കുകൾക്കും 20 ശതമാനം സിമന്റ് തേപ്പിനും 10 ശതമാനം ബാക്കി വർക്കുകൾക്കുമാണ് നൽകുക. ഓരോ ഘട്ടത്തിന്റെയും പ്രവൃത്തിപുരോഗതി വിലയിരുത്തിിയ ശേഷമേ അടുത്ത ഗഡു നൽകുകയുള്ളൂ.

## പദ്ധതി ചെലവ്

ഓരോ വീടിനും സ്ഥലം കൂടാതെ ഏഴു ലക്ഷം രൂപ വീതം മതിപ്പു നിർമാണ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിൽ മൂന്നര ലക്ഷം രൂപ പീപ്പിൾസ് ഫൗണ്ടേഷൻ നൽകും. ബാക്കി തുക പ്രാദേശിക സന്നദ്ധ സംഘടനകളും ഗുണഭോക്താവും കൂടി വഹിക്കണം .സ്ഥലം ഇല്ലാത്ത ഭവന രഹിതരാണെങ്കിൽ പീപ്പിൾസ് ഫൌണ്ടേഷൻ ഉടമസ്ഥതയിലുള്ള സ്ഥലം അവർക്ക് താല്പര്യമുണ്ടെങ്കിൽ നൽകും. ഓരോ വീടിനും പീപ്പിൾസ് ഫൌണ്ടേഷൻ നൽകുന്ന തുക സ്പോൺസർമാരിലൂടെ കണ്ടെത്തും.

## പ്രോജക്ടിന്റെ മൊത്തം ചെലവ്

100 വീട് → ഒരു വീടിന് 7 ലക്ഷം രൂപ → ആകെ 7 കോടി രൂപ

## ഫണ്ടിന്റെ സ്രോതസ്സ്

| | |
|---|---|
| പീപ്പിൾസ് ഫൗണ്ടേഷൻ /സ്പോൺസർമാർ | 3.5 കോടി |
| പ്രാദേശികമായി സ്വരൂപിക്കുന്നത് / ഗുണഭോക്തൃ വിഹിതം | 3.5 കോടി |
| ആകെ | 07 കോടി |

## പീപ്പിൾസ് ഫൗണ്ടേഷന്റെ ചുമതലകൾ

- ഗുണഭോക്താക്കളെ കണ്ടെത്തുക
- വീട് നിർമാണത്തിന് സാങ്കേതിക സഹായം നൽകുക
- വീട് നിർമാണം പൂർത്തിയാക്കാനാവശ്യമായ ഫണ്ട് കണ്ടെത്തുക.
- പ്രവർത്തിയുടെ പുരോഗതി വിലയിരുത്തുക
- വീട് നിർമാണം പൂർത്തിയായി എന്ന് ഉറപ്പുവരുത്തുക.
- പ്രോജക്റ്റിന്റെ പുരോഗതി സമയാസമയം സ്പോൺസർമാരെ അറിയിക്കുക.

## സ്പോൺസർമാരുടെ ചുമതലകൾ

- പീപ്പിൾസ് ഫൗണ്ടേഷൻ നൽകുന്ന ഗുണഭോക്തൃ ലിസ്റ്റ് പരിശോധിച്ച് അംഗീകരിക്കുക.
- പരസ്പര ധാരണ പ്രകാരം ആവശ്യമായ ഘട്ടത്തിൽ ഫണ്ട് നൽകുക .

## പ്രോജക്റ്റ് കാലാവധി

ഈ പ്രോജക്റ്റിന്റെ കാലാവധി ഒരു വർഷം ആയിരിക്കും.

## മോണിറ്ററിംഗ്

പീപ്പിൾസ് ഫൗണ്ടേഷൻ ,സ്പോൺസർമാർ, പ്രാദേശിക സന്നദ്ധ സംഘടനുകളുടെയും പ്രതിനിധികൾ ഉൾക്കൊള്ളുന്ന മോണിറ്ററിംഗ് കമ്മിറ്റി എന്നിവർ പ്രോജക്റ്റ് പുരോഗതി വിലയിരുത്തും .







എം.കെ മുഹമ്മദാലി
ചെയർമാൻ,
പീപ്പിൾസ് ഫൗണ്ടേഷൻ





*Account Details:*

Peoples Foundation
**AXIS BANK**
SB A/c No. 916010078814018
IFSC Code: UTIB0002916
Mavoor Road Branch, Kozhikode

Peoples Foundation
**FEDERAL BANK**
A/c No. 13060200028354
IFSC Code-FDRL0001306
Puthiyara Branch, Kozhikode

UPI ID: Federal- br132246a@fbl, PAN: AACTP2725K,
WhatsApp +91 8137005656

PEOPLE'S FOUNDATION

26/1168 A, Ponmuliparambu, Kottooli P.O,
Arayidathupalam, Mavoor Road, Kozhikode -16,
Phone: 0495 274 3701, Mob: 9846888700